Digital Magazine

സി എച്ച് മുഹമ്മദ് കോയ സ്മാരക വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ, കോട്ടപ്പുറം



# <u>ആശംസ</u>

*ലിറ്റിൽ കൈറ്റിലെ കൊച്ചു കൂട്ടുകാർ*
*തയ്യാറാക്കിയ ഡിജിറ്റൽ മാഗസിന്*
*എല്ലാവിധ  ആശംസകളും നേരുന്നു .*
*കൂടുതൽ മിടുക്കരാകാൻ പ്രാർത്ഥനകൾ*
*നേരുന്നു .*



*ഇസ്മായിൽ*
*പി ടി എ പ്രസിഡണ്ട്*



*രാജു മുട്ടത്ത്*
*ഹെഡ് മാസ്റ്റർ*

**'മിട്ടുക്കിപ്പട്ടം'**

**കോട്ടപ്പുറം സി എച്ച് മുഹമ്മദ് കോയ സ്മാരക വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയതാണ് 'മിട്ടുക്കിപ്പട്ടം' എന്ന ഈ ഡിജിറ്റൽ മാഗസിൻ .വിവര സാങ്കേതിക വിദ്യയുടെ വിസ്ഫോടനം നടക്കുന്ന ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ കൊച്ചു കുട്ടുകാരെ ഉയരങ്ങളിലെത്തിക്കാൻ വേണ്ടിയുണ്ടാക്കിയ 'ലിറ്റിൽ കൈറ്റ്' എന്ന ഈ കൂട്ടായ്മയിൽ പിറന്നതാണ് 'മിട്ടുക്കിപ്പട്ടം' മാഗസിൻ.**

**കാലിക പ്രസക്തിയേറിയതും ഇന്ന് കൂടുതൽ ചർച്ച ചെയ്തു് കൊണ്ടിരിക്കുന്നതുമായ വിഷയങ്ങളാണ് ഇതിൽ കുടുതലും പ്രതിപാതിച്ചിട്ടുള്ളത് , മഹത് വ്യക്തികളെ കുറിച്ചും അവരുടെ വചനങ്ങളും , പഠനസഹായമായകാര്യങ്ങളും , മറ്റു രസകരമായ ചിത്രങ്ങളുമാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത് . ഞങ്ങൾ കൊച്ചു കുട്ടുകാരുടെ എളിയ ശ്രമത്തെ , സർഗ്ഗാത്മകതയെ ,രചനകളെ നിങ്ങളുടെ ആസ്വാദനത്തിനായി സമർപ്പിക്കുന്നു .**

**എഡിറ്റർ**

# എഡിറ്റോറിയൽ സംഘം

## ഉപദേശക സമിതി



രാജു മുട്ടത്ത്

ഹെഡ് മാസ്റ്റർ



അസ്‌ലം എം എ

SITC



രഞ്ജിനി വി

Joint.SITC



പദ്മനാഭൻ നമ്പൂതിരി

UP SITC

# *എഡിറ്റോറിയൽ*



മുഹമ്മദ് അബൂതാഹിർ എ വി

സ്റ്റുഡൻറ് എഡിറ്റർ



*ഷംന*



*അഹമ്മദ് പി*



*മുഹമ്മദ് സിനാൻ പി പി*

# ഉള്ളടക്കം


എന്റെ വിദ്യാലയം....................................................7
Dr APJ Abdul Kalam....................................................9
സ്കൂൾ വികസനത്തിനായുള്ള വിവരശേഖരണം....................................................10
Gallery....................................................15
നമ്മുടെ ചാച്ചാജി....................................................17
മഴ....................................................18
അമ്മ....................................................19
കണ്ണാടി....................................................20
നാരങ്ങമുട്ടായി....................................................21
ലഹരിയിൽ അമരുന്ന കൗമാരം....................................................22
മഴ പെയ്യുന്ന തോരാതെ....................................................23
ഇറാൻ -യു .എസ് സംഘർഷം : പ്രതീക്ഷകളും ,പ്രതിസന്ധികളും....................................................24
സമാധാനത്തിന്റെ ആൾരൂപം....................................................25
ക്വിസ്....................................................26
ഗണിത ചിന്തകൾ....................................................27
കൊലയുടെ ഭാരതം....................................................29
അപൗരൻ....................................................30
370ാം വകുപ്പ്....................................................31
General Knowledge....................................................32
Malala yousafzai....................................................33
quotes of Malala....................................................34
ആമയും മുയലും....................................................35
പഴഞ്ചൊല്ലുകൾ....................................................36
പ്രളയം....................................................37
മഹത് വചനങ്ങൾ....................................................38
കൂട്ടുകാർ വരച്ച ചിത്രങ്ങൾ....................................................41
ഉളിക....................................................44
കോട്ടപ്പുറത്തെ നയന മനോഹര കാഴ്ചകൾ ....................................................45

# എന്റെ വിദ്യാലയം




1955-1956 ൽവിദ്യഭ്യാസ പിന്നാക്ക പ്രദേശങ്ങളിൽ പ്രാഥമിക വിദ്യാലയങ്ങൾ ആരംഭിക്കുവാൻ തീരുമാനിച്ചതിന്റെ ഭാഗമായി കൊട്ടപ്പുരം ജമാഅതത് കമറ്റിയും മറ്റു പൌരപ്രമുഖരും ചേർന്ന് വിദ്ധ്യാലയതിനായി താൽകാലിക കെട്ടിട സൗകര്യം ഒരുക്കുകയും വിദ്യാലയം ആരംഭിക്കുവാൻ അനുമതി ലഭിക്കുകയും ചെയ്തു.അധ്യാപകരെ നിയമിക്കുകൃം ചെയ്തു. അതിനു ശേഷം കേരള സംസ്ഥാനം രൂപികരിച്ചതോടെ മഞ്ചേശ്വരം വരെ കണ്ണൂർ ജില്ലയുടെ ഭാഗമായി തീർന്നതിനാൽ ഇ വിദ്യാലയം കണ്ണൂർ വിദ്യാഭ്യാസ ജില്ലയിലായിരുന്നു.പിന്നീട് കാസറഗോഡ് ജില്ല രൂപീകൃതമായതോടെ ,കാഞ്ഞ്ചങ്ങാടു വിദ്യാഭ്യാസ ജില്ലയ്ൽ ഉൾപ്പെട്ത്തി. ഇപ്പോൾ സ്കൂളിന് 55 സെന്റ് സ്ഥലം സ്വന്തമായുണ്ട് .അഞ്ചു ക്ലാസുകൾ പ്രവർത്തിക്കാവുന്ന ഒരു സെമി പെർമനന്റ് കെട്ടിടം ഗവർമെന്റ് വകയായി ലഭിച്ചു.ഒന്ന് മുതൽ നാല് വരെ ക്ലാസ്സുകളിൽ രണ്ടു വീതം ഡിവിഷനുകളും അതിനനുസരിച്ചുള്ള അധ്യാപകരും ഉണ്ടായിരുന്നു.1979-80 വർഷത്തിൽ വിദ്യാലയം യു.പി.സ്കൂളായി ഉയർത്തപ്പെട്ടു.പിന്നീട് 20-7-1990- നു ഹൈസ്കൂളായി ഉയർത്തപ്പെടുകയും ചെയ്തു.

***എല്ലാ ക്ലാസുകളും നടത്തത്തക്ക വിധ ,സൌകര്യങ്ങളുള്ള കെട്ടിടങ്ങൾ ഇന്ന് സ്കൂളിന് ഉണ്ട്1980-81 വര്ഷം ഇ വിദ്യാലയം രജത ജൂബിലി ആഘോഷിച്ചു.പഠന-പഠനേതര രംഗങ്ങളിൽ മികച്ച പ്രകടനം കാഴ്ച്ചവെച്ചുകൊന്ടിരിക്കുന്ന ഈ സ്കൂൾ 2005-2006 വര്ഷം അതിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുകയുണ്ടായി.***

## ***ഭൗതികസൗകര്യങ്ങൾ***

***അഞ്ചു കെട്ടിടങ്ങളിലായി പതിനെട്ടോളം ക്ലാസ്സ് റൂമുകൾ,ആവശ്യമായ എണ്ണം മൂത്രപ്പുരകൾ , സയൻസ് ലാബ് ,ലൈബ്രറി ,രണ്ടു കമ്പ്യൂട്ടർ ലാബുകൾ ,ബ്രോഡ്ബാൻഡ് സൗകര്യം എന്നിവ ഇന്ന് സ്കൂളിന് ഉണ്ട് കൂടാതെ അതി വിശാലമായ കളിസ്ഥലം , സ്റ്റേജ് , ഔഷധ തോട്ടം എന്നിവയും സ്കൂളിന് സ്വന്തമായുണ്ട്. ജല ലഭ്യത ഉറപ്പു വരുത്തുന്നതിനായി ,ഒരു കുഴൽക്കിണർ , രണ്ടു വാട്ടർ ടാങ്കുകൾ എന്നിവയുണ്ട്.***

***അബു താഹിർ***



# Dr APJ Abdul Kalam

Dr APJ Abdul Kalam was born on 15th october 1931, in the small Dhanushkodi village of Rameshwaram ,Tamil Nadu . He was born in the middle-class Tamil muslim family. His father Jainulabdeen was a fisherman and imam of a local mosque. While his mother Ashiamma was a housewife. Kalam was the younest of his four brothers and one sister in his family. Kalam's family condition was not much good, and he lived a poor childhood. Later in his school times,kalam was average in his studies but due to his strong desire to learn and study he was categorized as a bright and hardworking student. He completed his schooling from saint joseph's college , Thiruchirappalli , and then granduated from the University of Madras in physics in the year 1954 . Then he moved to Madras in 1955 to study Aerospace engineering from Madras Institute of Technology .

After graduating from her he joined Aeronautical Development Estabisnment of the Defense Research & Development organization (DRDO) as a scientist. This was followed by the trunsfer ISRO ( Indian space Research organization ) in 1969 . Meanwhile he was elected as a satellite launch project director of India. In the completed project he very well and then began toreatize that i may make this work.

Then in 2002 ,Dr APJ Adbul Kalam won the presidential Elections and was elected as 11th president of india. He served his servies as the preident of india from 25th july 2002 to 25th july 2007. Kalam collapsed while delivering a lecture at indian institute of management (iIIM)shillong and died from an apperent curdiac arrest on july 27th ,2015.

Muhammed Sahil

# സ്കൂൾ വികസനത്തിനായുള്ള വിവരശേഖരണം

**സംഘാടനം**

## ലിറ്റിൽ കൈറ്റ് യൂണിറ്റ് സി എച്ച് എം കെ ജി വി എച് എസ് കോട്ടപ്പുറം.

**നന്ദി**

**സ്കൂൾ സപ്പോർട്ടിങ് ഗ്രൂപ്പ് (SSG) , കുടുംബശ്രീ, 'പെൺ ജീവനം' ഹെഡ് മാസ്റ്റർ, പ്രിൻസിപ്പാൾ, മറ്റ അധ്യാപകർ ...**

**സംഗ്രഹം**

കോട്ടപ്പുറം സി എച്ച് മുഹമ്മദ് കോയ സ്മാരക വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ ഒന്ന് മുതൽ 10 വരെ ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം വര്ഷം തോറും കുറയുന്നതായി കണ്ടെത്തി . ഇതിന്റെ കാരണവും പരിഹാരവും കണ്ടെത്തുന്നതിനായി സ്കൂൾ ലിറ്റിൽ കൈറ്റ് നടത്തിയ പ്രൊജക്റ്റ് ആണിത് .

## *ആമുഖം*

ജില്ലയുടെ സാംസ്കാരിക തലസ്ഥാനം എന്നറിയപ്പെടുന്ന നീലേശ്വരം മുൻസിപ്പാലിറ്റിയിലെ ഏക സർക്കാർ വിദ്യാലയമാണ് കോട്ടപ്പുറം സി എച്ച് മുഹമ്മദ് കോയ സ്മാരക വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ . 123 വർഷങ്ങൾക്ക് മുൻപ് സ്ഥാപിതമായ ഈ വിദ്യാലയത്തിൽ പ്രൈമറി മുതൽ ഹയർ സെക്കന്ററി വരെ ക്ലാസ്സുകളാണുള്ളത് .കൂടാതെ വൊക്കേഷണൽ ഹയർസെക്കണ്ടറിയും ഈ സ്കൂളിലുണ്ട് .

മികച്ച യാത്രാസൗകര്യവും ഭൗതികസൗകര്യങ്ങളും അ പകരുമുള്ള ഈ വിദ്യാലയത്തിൽ വർഷംതോറും കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നതായി കണ്ടെത്തി . നിലവിൽ 1 മുതൽ 10 വരെ ക്ളാസുകളിലായി 213 കുട്ടികൾ മാത്രമാണുള്ളത് .പത്താംതരത്തിൽ ഇപ്പോഴുള്ളത് 46 കുട്ടികളാണെങ്കിൽ ഒന്നാം തരത്തിൽ 11 കുട്ടികളാണ് . പത്താംതരം കുട്ടികൾ അടുത്ത വർഷം പുറത്തു പോകുന്നതോടുകൂടി കുട്ടികളുടെ എണ്ണം 180 താഴെയായി കുറയും .ഈ വർഷം ഒന്നാം തരത്തിൽ പിടിക്കുന്നത് 11 കുട്ടികൾ .രണ്ടാം തരത്തിൽ പടിക്കുന്നത് 8 കുട്ടികൾ .ഈ രീതിയിൽ തുടർന്നാൽ ചുരുങ്ങിയ വര്ഷങ്ങൾക്കുള്ളിൽ അൺ ഇക്കണോമിക് ആയി മാറുമെന്ന സ്ഥിതിവിശേഷണമാണ് നിലവിലുള്ളത് .

സ്കൂളിന്റെ തൊട്ടടുത്ത വീടുകളിലെ കുട്ടികൾ പോലും ആശ്രയിക്കുന്നത് അൺ എയിഡഡ് വിദ്യാലയങ്ങളേയോ വിദൂരത്തുള്ള ആണ് എന്ന് പ്രാഥമികഅന്വേഷണത്തിൽ മനസിലായി .എന്ത് കൊണ്ട് കുട്ടികൾ ഈ സ്കൂളിൽ വരുന്നില്ല? പ്രദേശത്ത് നിന്ന് എത്ര

വിദ്യാർത്ഥികൾ മറ്റു പ്രദേശങ്ങളിൽ പോകുന്നുണ്ട് എന്നത് കണ്ടെത്തുകയാണ് ഈ സർവേയിലൂടെ ഞങ്ങൾ ലക്ഷ്യമിട്ടത് . സ്കൂളിന്റെ സമീപത്തുള്ള 400 വീടുകളിൽ നിന്നാണ് വിവരം ശേഖരിച്ചത് . അതിനായി സ്കൂൾ സപ്പോർട്ടിങ് ഗ്രൂപ്പിന്റെയും കുടുംബശ്രീ യൂണിറ്റുകളുടെയും സഹായ സഹകരണങ്ങൾ ഞങ്ങൾക്ക് ലഭിച്ചു .

**ഉദ്ദേശലക്ഷ്യങ്ങൾ.**

സ്കൂളിന്റെ പുരോഗതിക്ക് വേണ്ടിയും കുട്ടികളുടെ ഏൻറോൾമെന്റ വർദ്ധിപ്പിക്കുന്നതിനും വേണ്ടി പ്രദേശത്ത് വീടുകളിൽ സ്കൂളിൽ നടന്ന വിദ്യാഭ്യാസർവേയുടെ ഉദ്ധേശങ്ങൾ താഴെ പറയുന്നവയാണ്

1. പ്രദേശത്തെ വിദ്യാഭ്യാസ നിലവാരം അറിയുക
2.സ്കൂളിനെ കുറിച് പൊതുജനങ്ങളുടെ അഭിപ്രായം അറിയുക
3.അൺ എയ്ഡഡ് സ്കൂളിൽ പോകുന്ന കുട്ടികളെ ബോധവൽകരിച്ച് ഗവൺമെന്റ് സ്കൂളിൽ എത്തിക്കുക
4.സ്കൂളിന്റെ മികവിനായുള്ള നിർദേശങ്ങൾ ജനങ്ങളിൽ നിന്ന് അറിയുക
5.സർക്കാർ വിദ്യാലയത്തിന്റെ മേന്മ പൊതുജനങ്ങളിലെത്തിക്കുക
6. പൊതുജനപങ്കാളിത്തത്തോടെ സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കുക

**അന്വേഷണത്തിന്റെ ഘട്ടങ്ങൾ**

**ഫോം തയാറാക്കൽ**

വിവര ശേഖരണത്തിനായി നമുക്കാവശ്യമായ വിവരങ്ങൾ ഉൾകൊള്ളുന്ന ഡാറ്റ ഫോം തയ്യാറാക്കി .

**ക്ലസ്റ്റർ രൂപീകരണം**

പ്രവർത്തന സൗകര്യത്തിനു വേണ്ടി സർവേ നടത്തിപ്പിനു ഭാഗമായി കോട്ടപ്പുറം പ്രദേശത്ത് 400 വീടുകളെ 40 വീടുകളുള്ള 10 ക്ലസ്റ്ററുകളായി തിരിച്ചു . ഓരോ ക്ലസ്റ്ററുകളിലേക്കും 3 വീതം വിദ്യാർത്ഥികളെയും തീരുമാനിച്ചു . അവരെ സഹായിക്കുന്നതിനായി 2 കുടുംബശ്രീ /SSG അംഗങ്ങളെ നിശ്ചയിച്ചു

**വിവരശേഖരണം**

2019 സെപ്റ്റംബർ മാസത്തിലെ ശനി , ഞായർ ദിവസങ്ങളിലായാണ് സർവേ പൂർത്തീകരിച്ചത് . വീടുകളിൽ നേരിട്ടെത്തി വിവരങ്ങൾ ശേഖരിചക്കുകയാണ് ചെയ്തത് .പ്രദേശത്തെ കുടുംബശ്രി പ്രവരുകരുടെ സഹകരണവും ഇതിനായി തേടി.

സർവ്വ മേഖല .- പറമ്പത്ത് ഇബ്റ്ഹിമിനന്റെ വീടുമുതൽ റഫീഖ് കോട്ടപ്പുറം വീട് വരെ

**ക്രോഡീകരണം /അപഗ്രഥനം**

**പ്രധാന കണ്ടെത്തലുകൾ**

പ്രദേശത്തെ ആകെ വിദ്യാർത്ഥികളുടെ 25 ശതമാനം മാത്രമാണ് കോട്ടപ്പുറം സ്കൂളിൽ പഠിക്കുന്നത്. മറ്റുകുട്ടികൾ ഭൂരിഭാഗവും അൺ എയ്ഡഡ് സ്കൂളിലാണ് പഠിക്കുന്നത്.


എന്ത് കൊണ്ട് മറ്റ് സ്കൂളുകൾ..? എന്ന ചോദ്യത്തിന് പ്രധാനമായും 4 കാരണങ്ങളാണ് കണ്ടെത്തിയത്

1. നിരന്തരമായ അച്ചടക്ക പ്രശ്നങ്ങൾ
2. ഇംഗ്ലീഷ് മീഡിയം ഇല്ലാത്തത്
3. വാഹന സൗകര്യം ഇല്ലാത്തതിനാലാണ് .
4. ഗവൺമെന്റ് സ്ഥാപനത്തെ കുറിച്ചുള്ള അവബോധമില്ലായ്മയാണ്


**പ്രദേശത്തെ വിദ്യാഭ്യാസത്തെ കുറിച്ച് ലഭിച്ച വിവരങ്ങൾ ചുവടെ കൊടുക്കുന്നു**


എസ് . എസ് .എൽ . സി , +2 പഠനത്തിൽ പുരുശന്മാരും സ്ത്രീകളും ഏരെ കുറെ തുല്യനിലവാരം പുലർത്തുന്നതായി സർവ്വെയിൽ കണ്ടെത്തി സ്ത്രീ വിദ്യാഭ്യാസത്തിലുണ്ടായ ഗണ്യമായ വർദ്ദനവാണ് ഇത് സൂചിപ്പിക്കുന്നത് . ബിരുദപഠനം നടത്തുന്നവരുടെ എണ്ണത്തിൽ പുരുഷന്മാരാണ് മുന്നിട്ട് നിൽക്കുന്നതെങ്കിലും

ബിരുദ്നന്തര പഠനം നടത്തിയവനരിൽ സ്ക്കൾ മുന്നിട്ട് നിൽകുന്നതായി കാണാൻ സാധിച്ചു .





*SSLC* *HIGHER SECONDARY*




## ബിരുദ പഠനം




## ബിരുദാനന്തര ബിരുദ പഠനം




## ഉപസംഹാരം / നിഗമനം

ഒരു ചെറിയ പ്രദേശത്തെ വിദ്യാർത്ഥികൾ 30 ലധികം വ്യത്യസ്ത സ്കൂളുകളിലേക്ക് പോകുന്നു എന്നത് അതിശയിപ്പിക്കുന്നു . ഹൈടെക് ക്ലാസ് മുറികളും മികച്ച പഠന സൗകര്യങ്ങളും യോഗ്യരായ അധ്യാപകരുമുള്ള സർക്കാർ വിദ്യാലയം സമീപത്തുണ്ടായിരിക്കെ ഇതിന് നിദാനമായി കണ്ടെത്തിയിരിക്കുന്ന കാര്യങ്ങൾ PTA , SSG , SMC തുടങ്ങിയവയുടെ കൂട്ടായ പരിശ്രമത്തിൽ എളുപ്പത്തിൽ പരിഹാരം കാണാവുന്നതേയുള്ളൂ .

- 1 ,5 ,8 ക്ലാസ്സുകളിൽ ഇംഗ്ലീഷ് മീഡിയം ക്ലാസുകൾ ഉടൻ ആരംഭിക്കുക .
- പ്രീ പ്രൈമറി തലത്തിൽ ഇംഗ്ലീഷ് മീഡിയം തുടങ്ങുക .
- ഹയർ സെക്കന്ററി തലത്തിലെ അച്ചടക്കപ്രശ്നങ്ങൾ PTA , SSG , SMC ,അധ്യാപകർ ഇവരുടെ കൂട്ടായ്മയിൽ പരിഹരിക്കുക.
- സ്കൂളിന്റെ പഠനാന്തരീക്ഷം തകർക്കുന്നവർക്കെതിരെ കർശന നടപടികൾ കൂട്ടായ്മയോടെ സ്വീകരിക്കുക.

# Gallery





















OFFICE


OFFICE

# നമ്മുടെ ചാച്ചാജി



***മഹാത്മാ ഗാന്ധി (**1869 ഒക്ടോബർ 2 – 1948 ജനുവരി 30**)*** ഇന്ത്യൻ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന്റെ ***നേതാവും വഴികാട്ടിയുമായിരുന്നു. ഇന്ത്യയുടെ രാഷ്ട്രപിതാവ് എന്ന് അദ്ദേഹം വിശേഷിപ്പിക്കപ്പെടുന്നു.*** അഹിംസയിലൂന്നിയ സത്യാഗ്രഹം ***എന്ന സമര സിദ്ധാന്തത്തിലൂടെ ലോകമെമ്പാടും ഗാന്ധി ശ്രദ്ധേയനായി. മഹത്തായ ആത്മാവ് എന്നർത്ഥം വരുന്ന മഹാത്മാ, അച്ഛൻ എന്നർത്ഥംവരുന്ന ബാപ്പു എന്നീ നാമവിശേഷണങ്ങൾ ജനഹൃദയങ്ങളിൽ അദ്ദേഹത്തിനുള്ള സാന്നിധ്യം വ്യക്തമാക്കുന്നു. കേവലമൊരു രാഷ്ട്രീയ നേതാവ് എന്നതിനേക്കാൾ ദാർശനികനായും ഗാന്ധി ലോകമെമ്പാടും അറിയപ്പെടുന്നു.***

ഏറ്റവും കഠിനമായ പ്രതിസന്ധിഘട്ടങ്ങളിലും സത്യം, അഹിംസ എന്നീ മൂല്യങ്ങളിൽ അടിയുറച്ച് പ്രവർത്തിക്കുവാനും ജീവിതചര്യയാക്കി മാറ്റുന്നതിനും മഹാത്മാഗാന്ധി ശ്രദ്ധിച്ചു. ജീവിതകാലം മുഴുവൻ അദ്ദേഹം ഹൈന്ദവ തത്ത്വശാസ്ത്രങ്ങളുടെ പ്രായോക്താവായിരുന്നു. എല്ലാ വിധത്തിലും സ്വയാശ്രയത്വം പുലർത്തിയ ഒരു ആശ്രമം സ്ഥാപിച്ച് അവിടെ ലളിത ജീവിതം നയിച്ച് അദ്ദേഹം പൊതുപ്രവർത്തകർക്കു മാതൃകയായി. സ്വയം നൂൽനൂറ്റുണ്ടാക്കിയ വസ്ത്രം ധരിച്ചു; സസ്യാഹാരം മാത്രം ഭക്ഷിച്ചു. ഉപവാസം അഥവാ നിരാഹാരം ആത്മശുദ്ധീകരണത്തിനും പ്രതിഷേധത്തിനുമുള്ള ഉപാധിയാക്കി.

ഗാന്ധിജിയുടെ ദർശനങ്ങൾ ആഗോള തലത്തിൽ ഒട്ടേറെ പൗരാവകാശ പ്രവർത്തകരെ സ്വാധീനിച്ചു. മാർട്ടിൻ ലൂഥർ കിംഗ്, സ്റ്റീവ് ബികോ, നെൽസൺ മണ്ടേല, ഓങ് സാൻ സൂ ചി എന്നിവർ ഗാന്ധിയൻ ആശയങ്ങൾ സ്വാംശീകരിച്ചവരിൽപെടുന്നു. ഭാരതീയർ മഹാത്മാഗാന്ധിയെ രാഷ്ട്രപിതാവായി ആദരിക്കുന്നു അദ്ദേഹത്തിന്റെ ജന്മദിനമായ ഒക്ടോബർ 2 ഗാന്ധിജയന്തി എന്ന പേരിൽ ദേശീയഅവധി നൽകി ആചരിക്കുന്നു. അഹിംസാധിഷ്ഠിത സത്യാഗ്രഹം എന്ന ഗാന്ധിയൻ ആശയത്തോടുള്ള ബഹുമാനാർത്ഥം ഐക്യരാഷ്ട്രസഭ അന്നേ ദിവസം അന്താരാഷ്ട്ര അഹിംസാ ദിനമായും(2007 മുതൽ) പ്രഖ്യാപിചിട്ടുണ്ട്

**മുഷ്രിഫ സി എച്ച്**

## മഴ



മാർത്താണ്ഡൻ കിഴക്കിൽ ഉദിച്ചതോടെ
കുട്ടൻ ഓടി തൻ വീടിന്റെ ഉമ്മറത്തേക്ക്
മാനത്ത് കാർ മേഘം നിറഞ്ഞിരിക്കുന്നു
അരുണപ്രകാശനും നിന്നുപോയി
കുട്ടൻ കാഴ്ചകൾ കണ്ടുനിൽക്കവെ
ചിന്നിച്ചിതറി മഴ ഗമിക്കുന്നു
ഉമ്മറം ലക്ഷ്യമാക്കി കുട്ടനോടി
പക്ഷെ,കുട്ടനാകെ നനഞ്ഞിരുന്നു
അമ്മ വഴക്കു പറഞ്ഞു
എന്നാലും മഴയൊട്ടും കുറഞ്ഞതേയില്ല
ഉമ്മറത്തിണ്ണയിൽ വന്നിരുന്നു
കുട്ടൻ മഴയെ നോക്കി പുഞ്ചിരിച്ചു
ഓടിൻ ചരിവിലൂടെ വെള്ളമുറ്റുന്നു
പുതിയൊരു നാദസ്വരം പോലെ
പുഴയിലും തോട്ടലും കുമിളകൾ വരുന്നു,
ഇലകളിൽ ചിന്നിച്ചിതറിത്തെറിക്കുന്നു വെള്ളം
കാഴ്ചകൾ കണ്ടവൻ സന്തോഷിച്ചു,ശേഷം
മഴയത്ത് ചാടിത്തിമിർക്കുന്നു.
ആരും കളിക്കാൻ ഇഷ്ടപ്പെടുന്ന ഈ മഴ
എന്തു മനോഹരം എന്തു ഭംഗി.




മുഹ്സിന പി പി

## അമ്മ



**അ**മ്മയെന്നുള്ള രണ്ടക്ഷരമാണെൻ
ഹൃദയത്തിലൂറുന്ന സ്നേഹഭാഷ
എന്നുമെൻ കാതിൽ ശ്രുവിക്കുന്ന വാക്കുകൾ
അമ്മതൻ ളുമൊഴി കൊഞ്ചലുകൾ
താരാട്ടുപാട്ടിൻെ ഈണമായമ്മ
സ്നേഹം ചൊരിയുന്ന്യ കൽക്കണ്ടം പോൽ.

മുഹമ്മദ് ഷാഹിദ് അബൂബക്കർ കെ എച്ച്

## കണ്ണാടി




ഞാൻ നോക്കുമ്പൾ
എന്നെ നീ നോക്കുന്നു
ഞാൻ ചിരിക്കുമ്പോൾ,
നീയും ചിരിക്കുന്നു.
നിൻ മന്ദഹാസം
എൻ മന്ദഹാസമാകുമ്പോൾ,
നീ ഞാനാകുന്നു.

# നാരങ്ങമുട്ടായി



കണാരേട്ടന്റെ കടയിലെ ചില്ലുഭരണിയിൽ
ഞാനുണ്ടായിരുന്നു.
ഇന്റർവെൽ സമയത്തെ തിരക്കിനിടയിലും
കണ്ണുകൾ തിരഞ്ഞതും എന്നെ.
കണക്കുപറഞ്ഞുതന്നതിന് കൈമടക്കായി
നുണഞ്ഞിറക്കിയതും എന്നെ.
കാപട്യത്തിന്റെ കൈയ്പ് കലരാത്ത
നാരങ്ങമുട്ടായി..സ്നേഹമുട്ടായി..
ഞാനിരുന്ന ഭരണിയിൽ ഇന്ന്
സായിപ്പിന്റെ ഭരണം.
ബഹുവർണ്ണകടലാസ് പൊതിഞ്ഞ
രുചിയുടെ വിഷക്കൂട്ടുകൾ



ഓർമയിൽ ഇപ്പോഴുമുണ്ട്
സ്നേഹത്തിന്റെ മഴവില്ലായ
ആ പഴയനാരങ്ങ മിഠായി..

SHANHA

# ലഹരിയിൽ അമരുന്ന കൗമാരം



ദൈവത്തിന്റെ സ്വന്തം നാടായി അഭിമാനിക്കുന്നതോടൊപ്പം മയക്കമരുന്നിന്റെയും സ്വന്തം നാടായി അധപ്പതിച്ച് കൊണ്ടിരിക്കുകയാണ് നമ്മുടെ കൊച്ചു കേരളം . ലഹരഉൽപ്പന്നങ്ങൾ കൂടുതലും വിറ്റഴിക്കപ്പെടുന്നത് വിദ്യാലയങ്ങളിലാണ് . പ്രത്യേകിച്ച് 12 മുതൽ 25 വരെ പ്രായമുള്ള വിദ്യാർഥികളിലാണ് .ഈ അധ്യയന വർഷാരംഭത്തിൽ തിരുവനന്തപുരത്ത് ആറ്റിങ്ങൽ അണ്ണാ പ്രദേ ശത്ത് വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ലഹരി വില്പനനടത്തിയ കഞ്ചാവ് മാഫിയയെ എക്സൈസ് സംഘം പിടികൂടുകയുമുണ്ടായി .

പണ്ടു കാലങ്ങളിൽ പൊന്നു പുസ്തകവും കയ്യിലേന്തി വിദ്യാലങ്ങളിലേക്ക് പോയിരുന്ന വിദ്യാർത്ഥികൾ ഇന്ന് ലഹരിഉൽപ്പങ്ങളും ആയുധങ്ങളുമേന്തിയാണ് ക്യാമ്പസുകളിൽ കടന്നു ചെല്ലുന്നത് .അന്നത്തെ വിദ്യാർത്ഥികൾക്ക് ബാഗുകൾ പഠനോപകാരണങ്ങളുമായിരുന്നു എങ്കിൽ ഇന്ന് അത് വിദ്യാർത്ഥികൾക്ക് ലഹരിപദാർത്ഥങ്ങളുടെ സുരക്ഷാകവച മാത്രമായിരിക്കുകയാണ് .വീട്ടിൽ നിന്ന് സ്കൂളിലേക്കാണെന്ന് രക്ഷിതാക്കളോട് കളവ് പറഞ്ഞ് കൊണ്ട് യൂണിഫോം ധരിച്ച വിദ്യാർഥികൾ മുതിർന്ന കുട്ടികളുടെ കൂടെ ക്ലബ്ബുകളിലും ,ബീച്ചുകളിലും ,മറ്റിടകളിമായി കഴിഞ്ഞു കൂടുകയാണ് .ലഹരിക്കടിപ്പെട്ടതിന്റെ കാരണത്താൽ പല സുഹൃത്തുക്കൾക്കും ,ജീവൻ നഷ്ട്ടപെട്ടിട്ടുണ്ട് ,ഭാവിനഷ്ട്ടപ്പെട്ടിയുണ്ട് ,മാനസികനില തെറ്റിട്ടുമുണ്ട് .

2018 ലെ മാർച്ച് മാസത്തിൽ സ്കൂൾ സെന്റോഫിന് വസ്ത്രം വാങ്ങാൻ വേണ്ടി കൂട്ടുകാരുടെ കൂടെ പോയതായിരുന്നു ജസീം . അവനെ അയക്കുമ്പോൾ അവന്റെ രക്ഷിതാക്കൾ കരുതിട്ടുണ്ടാവില്ല നമ്മുടെ മകന് എന്തോ ഒരു ദുരന്തം സംഭവിക്കാൻ നിൽക്കുന്നു എന്ന് . ചട്ടഞ്ചാൽ ഹയർ സെക്കണ്ടറി സ്കൂളിലെ 10 – തരം വിദ്യാർത്ഥിയായ അവനെ , വാങ്ങികൊടുക്കുമ്പോഴും സ്കൂളുകളിലേക്ക് പോകുമ്പോൾ എണ്ണമറ്റ സഖ്യകൾ കൊടുക്കുമ്പോഴും രക്ഷിതാക്കൾക്ക് മുകളിലുണ്ടാകുന്ന വിശ്യാസമാണ് അവസാനം അവർക്ക് വിരൽ കടിക്കേടിവരുന്നത് ?

ലോകത് ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള രാഷ്ട്രീയം ചൈനയാണെകിൽ ലോകത് ഏറ്റവും കൂടുതൽ ലഹരിഉൽപ്പാദിപ്പിക്കുന്ന രാഷ്ട്രം കൊളംബിയയാണ് .ഏകദേശം 300 കൊക്കെയ്നോളമാണ് അവർ ലഹരിഉല്പാദിപ്പിക്കുന്നത് അത് ഏറ്റവും കൂടുതൽ വിറ്റഅബൂതാഹിർ ഴിക്കപ്പെടുന്നത് വിദ്യാർഥികളിനാണ് .

ഋഷിനാജ് സിംഗിന്റെ വാക്കുകൾക്ക് വളരെയേറെ പ്രശസ്തിയാർജിക്കുകയാണിന്ന്. കേരളത്തിന്റെ ഏറ്റവും കൂടുതൽ ലഹരിവിൽക്കപെടുന്നതും ഉപയോഗിക്കുന്നതും കൊച്ചിയിലാണ് .ഇത് പോലെ തന്നെ കേരളത്തിന്റെ കുഗ്രാമങ്ങളില്ലെലം ലഹരിയുടെ ഉപയോഗം വർദ്ധിച്ച് വരികയാണ് .മലയാളിയുടെ മയക്കമരുന്നു ഉപയോഗം അത്യന്തം അപകടകരമായ നിലയിൽ കൂടി വരികയാണ് .

അബൂതാഹിർ

# മഴ പെയ്യുന്നു തോരാതെ

പണ്ട് ഒരു മഴയുള്ള ദിവസം എനിക്ക് ഏറെ ഇഷ്ടപെട്ട ഒരു ദിവസമായിരുന്നു അന്ന് . ചിന്നുവും കുട്ടനും എന്ന രണ്ട് കുട്ടികൾ മേലെ പറമ്പിലെ കുട്ടികളാണ് . ആ വീട്ടിൽ വലിയ ഒരു ചടങ്ങ് നടക്കാൻ പോവുകയാണ് .കുട്ടികളായി നിറഞ്ഞിരിക്കുകയാണ് . അവിടത്തെ കുട്ടികൾക്ക് സന്തോഷമുള്ള ഒരു ദിവസമായിരുന്നു .ആ



വീടിന്റെ ബഹളം എന്റെ വീടിന്റെ ഉമ്മറത് വരെ കേൾക്കുന്നുണ്ടായിരുന്നു .മേലെ പറമ്പ് വീട് കുന്നിൻചാരത്താണ് .കുട്ടികളൊക്കെ മഴയത്തു കളിക്കുകയായിരുന്നു . മുതിർന്ന കുട്ടികൾ അവിടെ ഇരുന്ന് സംസാരിക്കുകയായിരുന്നു .മഴയുള്ള സമയമായത് കൊണ്ട് കുട്ടികൾ തോണിയുണ്ടാക്കികളിക്കുകയായിരുന്നു .പല മൂലകളിലായി ആൾക്കാർ കൂട്ടം കൂടി സംസാരിക്കുന്നുണ്ട് . ആ വീട്ടിൽ നല്ല തിരക്കുള്ള ദിവസമായിരുന്നു അന്ന് .കൊല്ലത്തിൽ നടക്കാവുന്ന ചടങ്ങാണ് വീട്ടിൽ നടക്കുന്നത് .കുട്ടികളുടെ ഉല്ലാസം കാണുമ്പോൾ എനിക്ക് എന്റെ കുട്ടിക്കാലം ഓർമ്മ വന്നു .ആ ബാല്യ കാലത്ത് മഴയത്ത് തോട്ടിൽ പോയി മീൻ പിടിച്ചതും തോണിയുണ്ടാക്കി കളിച്ചതും മറക്കാൻ പറ്റാത്ത ഒരു അനുഭവമാണ് .പക്ഷെ എനിക്ക് ഉണ്ടായ ഒരു ദുഃഖം എന്റെ അമ്മാവൻ തോട്ടിൽ ഇറങ്ങിയപ്പോൾ മുങ്ങി മരിച്ചത് .

എന്റെ കുട്ടിക്കാലത്ത് മറക്കാൻ പറ്റാത്തഒരു സംഘട ദിവസമായിരുന്നു അത് പിന്നീടുള്ള ദിവസം അച്ചനും ,അമ്മയും തോട്ടിൽ മീൻ പിടിക്കാൻ വിട്ടിരുന്നില്ല പിന്നെയുള്ള കുട്ടിക്കാലവും ,മഴക്കാലവും സങ്കടം നിറഞ്ഞ ഒരു കാലമായി മാറി -മേലെ പറമ്പിലെ വീട്ടിൽ എല്ലാവരും ചടങ്ങിനായി കാത്തിരിക്കുകയാണ് എല്ലാവരും .പിന്നെ സന്തോഷം കൂടി വരാൻ പോവുകയാണ് അനുവിന്റെ കല്യാണമാണ് ആ സന്തോഷം ആണ് എന്റെ അച്ഛന്റെ അടുത്ത ബന്ധുവായി വരും .പിന്നെയുള്ള കാര്യം മഴ പെയ്യുന്നഡ് ഇതു വരെ നിന്നില്ല .അത് കൊണ്ട് മേലെ പറമ്പിലെ അമ്മൂമ്മ വിഷമിച്ചിരിക്കുകയാണ് പ്രകാശം വരും പോകും ഏതാണ് അന്തരീക്ഷത്തിന്റെ അവസ്ഥ എന്നിട്ടും കുട്ടികളുടെ കളി ഇത് വരെ നിന്നിട്ടില്ല .പാവം ഞാൻ പിന്നീടുള്ള കാഴ്ച്ചകാഴ്ഛകൾ കാണാൻ അമ്മ സമ്മതിച്ചില്ല ഭക്ഷണം കഴിക്കാൻ അമ്മൂമ്മ നേരത്തെ വിളിക്കുന്നുണ്ടായിരുന്നു .ഇന്നത്തെ പണികളൊന്നും നടക്കാത്തതിന്റെ ദേശ്യത്തിലാണ് "അമ്മ".പിന്നെ ഞാൻ അകത്ത് കയറി ഇരുന്നു .

നഫ്‌ല .പി .എം .എച്ച്

# ഇറാൻ -യു .എസ് സംഘർഷം : പ്രതീക്ഷകളും ,പ്രതിസന്ധികളും

## ഇന്ധന വില മേലോട്ട്

അന്താരാഷ്ട്ര വിപണിയിൽ ബ്രെന്റ് ക്രൂഡ് ഓയിൽ വില ബുധനാഴ്ച ബാരലിന് 71 .75 ഡോളറായി . നാലുമാസത്തിനിടയിലെ സങ്കർഷവസ്ഥ ശക്തമാകുന്നതിനുമുമ്പ് , ജനുവരി രണ്ടിന് 66.23 ഡോളറായിരുന്ന ബ്രെന്റ് ക്രൂഡിന്റെ വില.അസംസ്കൃതഎണ്ണവില കൂടിയതോടെ ,ഇന്ധനവിലയും കുതിച്ചുയർന്നു.

കൊച്ചിയിൽ ജനുവരി രണ്ടിന് പെട്രോൾ ലിറ്ററിന് 77 .20 രൂപയും ഡീസലിന് 71 .85 രൂപയുമായിരുന്നു.ചൊവ്വാഴ്ച ഇത് യഥാക്രമം 77 .84 രൂപയും 72 .70 രൂപയുമായി.എന്നാൽ ,ബുധാഴ്ച നേരിയ തോതിൽ വിലയിടിഞ്ഞു.ഇതോടെ ,പെട്രോളിന് 77 .66 രൂപയും ഡീസലിന് 72 .53 രൂപയുമായി .



## ഓഹരി വിപണിയിൽ ഇടിവ്

ഓഹരിവിപണിയിൽ ഇടിവ് രേഖപ്പെടുത്തി.ബോംബേ സൂചികയായ സെൻസെക്സ് 40 ,817 .74 ലും നിഫിറ്റി 12 ,025 .35 -ലും ആണ് ബുധാഴ്ച വ്യാപാരം അവസാനിപ്പിച്ചതി.ഇറാൻ -യു .എസ് .സംഘർഷം മുറുകിയതുമുതൽ ഓഹരിവിപണി അവസ്ഥിരാവസ്ഥയിലാണ്.ജനുവരി രണ്ടാം തിയ്യതി സെൻസെക്സ് 41,626 .64-ലും നിഫ്റ്റി 12 ,282 .20 -ലുമായിരുന്ന വ്യാപാരം അവസാനിപ്പിച്ചത് .ഒരാഴ്ച്ച്ചയ്ക്കുള്ളിൽ സെൻ സെക്സിൽ 808 .9 പോയന്റിന്റെയും നിഫ്റ്റിയിൽ 256 .85 പോയന്റിന്റെയും ഇടിവുണ്ടായി

## ആശങ്കയിൽ പ്രവാസികൾ

എണ്ണവില ഉയർന്നതാണ് കഴിഞ്ഞദിവസങ്ങളിലെ വിപണിയുടെ സൂചന. ഇത് എല്ലായിടത്തും വിലക്കയറ്റത്തിന് ഇടയാകുന്നു.രൂപയുടെ മൂല്യം ഇടിന്നതും ഇതിന്റെ തുടർച്ചയാണ്.സ്വദേശിവത്കരണത്തോടെ എല്ലാ ഗൾഫ് നാടുകളിലും പ്രവാസികളുടെ തൊഴിലവസരം കുറഞ്ഞിട്ടുണ്ട്.മേഖലയിലെ പുതിയ പ്രതിസന്ധിയാകട്ടെ എല്ലാ തരത്തിലുമുള്ള ആശങ്ക വര്ധിപ്പിക്കുയാണ് .

## സ്വർണ വില കുതിക്കുന്നു.

സംസ്ഥാനത്ത് സ്വർണവില ബുധനാഴ്ച പവന് 30 ,400 രൂപയായി ഉയർന്ന് റെക്കോർഡിട്ടു. 520 രൂപയുടെ വർധനയാണ് സ്വർണവിലയിൽ ഒറ്റ ദിവസം കൊണ്ട് രേഖപ്പെടുത്തിത്.ജനുവരി രണ്ട് മുതൽ വില തുടർച്ചയായി ഉയരുകയായിരുന്നു. ചൊവ്വാഴ്ച നേരിയ ഇടവ് രേഖപ്പെടുത്തിയെങ്കിലും ബുധനാഴ്ച വീണ്ടും വില ഉയർന്നു.

ഇറാൻ -യു.എസ്.സംഘർഷണം ശക്തിപ്രാപിക്കുന്നതിന് മുമ്പ് പവന് 29,080 രൂപയായിരുന്നു. 1320 രൂപയുടെ വർധനയാണ് ഒരാഴ്ചകൊണ്ട് സ്വർണവിലയിൽ ഉണ്ടായത്. MUSHRIFA

# സമാധാനത്തിന്റെ ആൾരൂപം

ജനുവരി 10 ലാല്ബഹദൂർ ശാസ്ത്രിയുടെ ഓർമദിനം [ 1904 -1966 ]
സ്വതന്ത്ര ഭാരതത്തിലെ രണ്ടാമത്തെ പ്രധാനമന്ത്രിയും സ്വാതന്ത്ര്യ സമരസേനാനിയും ആഭ്യന്തര മന്ത്രിയുമായിരുന്ന ലാല്ബഹദൂർ ശാസ്ത്രി സമാധാനത്തിന്റെ ആൾരൂപം എന്നാണ് അറിയപ്പെട്ടിരുന്നത് .

1965 -ൽ ഇന്ത്യ -പാക് യുദ്ധത്തെ തുടർന്ന് , ഉസ്ബക്കിസ്ഥാനിലെ തസ്ക്കന്റിൽ നടന്ന ചർച്ചകൾക്കുശേഷം 1966 ജനുവരി 10 -നാണ് അദ്ദേഹം അന്തരിച്ചത് .
ജവഹർലാൽ നെഹ്റു വിന് ശേഷം അധികാരത്തിലിരിക്കെ അന്തരിച്ച രണ്ടാമത്തെ പ്രധാനമന്ത്രിയാണ് ലാല്ബഹദൂർ ശാസ്ത്രി .

വിദേശത്ത് അന്തരിച്ച ഏകപ്രധാനമന്ത്രയാണ് അദ്ദേഹം .മരണാനന്തര ബഹുമതിയായി ഭാരതരത്നം ലഭിച്ച ആദ്യ വ്യക്തിയായ ലാല്ബഹദൂർ ശാസ്ത്രിയാണ് ഇരുപതാം നൂറ്റാണ്ടിൽ ജനിച്ചവരിൽവരിൽ ബഹുമതിക്ക് ആദ്യമായി അർഹമായത് . ഒരു പ്രധാന കുടുംബത്തിൽ ജനിച്ച് പ്രതികൂല സാഹചര്യങ്ങളോടേറ്റുമുട്ടി വളർന്ന അദ്ദേഹം ഏതു പ്രതിസന്ധിയെയും അചഞ്ചലമായി നേരിടാന് ശേഷിയുള്ള മനസ്ഥൈര്യത്തിനുടമയായിരുന്നു.

സമാധാനപ്രിയനായിരുന്ന ശാസ്ത്രിയുടെ ചെറിയ ശരീരത്തിലെ മനസിന്റെ കരുത്തിനെ രാഷ്ട്രീയ പ്രതിയോഗികൾ പോലും അംഗീകരിച്ചിരുന്നു.1964 മെയ് 27 തിയതി പ്രധാനമന്ത്രി ജവഹർലാൽനെഹ്റു അന്തരിച്ച വാർത്ത കേട്ടപ്പോൾ ഭാരതീയർ അക്ഷരാർത്ഥത്തിൽ ഞെട്ടി.സ്വാതന്ത്ര്യം നേടിയ ശേഷം പതിനേഴ് വർഷമായി ഭാരതത്തിന്റെ ഭാഗധേയം നിയന്ത്രിച്ച നെഹ്രുവിന്റെ അഭാവം ഭാരതത്തിന്റെ ഭാവിയെ എങ്ങനെ ബാധിക്കുമെന്നോർത്ത് ജനങ്ങൾ ആശങ്കാകുലരായി.എന്നാൽ നെഹ്റുവിന് ഒരു പിൻഗാമിയുണ്ടായിരുന്നു.

നെഹ്രുവിന്റെ നിര്യാണത്തിന്ന് ശേഷം ആറാം ദിവസം കാമരാജിന്റെ അധ്യക്ഷതയിൽകൂടിയ കോൺഗ്രസ് പാർലമെന്ററി പാർട്ടി യോഗമാണ് ഏകകണ്ഠമായി പ്രധാനമന്ത്രി സ്ഥാനത്തേക്ക് ലാല്ബഹദൂർ ശാസ്ത്രിയെ തിരഞ്ഞെടുത്തത്.ലളിതജീവിതം കൊണ്ട് ശ്രദ്ധേയനായ അദ്ദേഹം 1964 ജൂൺ 9 മുതൽ 1966 ജനുവരി 10 വരെ ഇന്ത്യയുടെ പ്രധാനമന്ത്രിയായിരുന്നു.ജയ് ജവാൻ,ജയ് കിസാൻ എന്ന പ്രശസ്തമായ മുദ്രാവാക്യം ശാസ്ത്രീയുടേതാണ്.

ഷംന

# ക്വിസ്

1.സത്തെടുത്തദിന് ശേഷമുള്ള കരിമ്പിൽ അവിശേഷിക്കുന്ന ഹാനികരമായ പദാർത്ഥം ഏത് ?

Ans ബാഗാസെ

2 . ലോക പരിസ്ഥിതി ദിനം എന്നാണ് ?

ans ജൂൺ -5

3 . ഭൂമിയിലെ കരഭാഗത്തിന്റെ ദൈർഗ്യം ?

ans 148. 94 ദശലക്ഷം ച . കി .മീ [29 .2 %]

4 .കരയിലെ ഏറ്റവും താഴ്ന്ന ഭാഗം ?

ans ചാവുകടൽ

5 . ഭൂമിയിലെ ഏറ്റവും ആഴം കൂടിയ ഭാഗം ?

ans മരിയാനാ ട്രഞ്ച്

6 . ഏറ്റവും വലിയ നദി ?

ans ആമസോൺ

7 . ഭൂമിയിലെ ഏറ്റവും ഉയർന്ന ഭാഗം ?

ans എവറസ്റ്റ് കൊടുമുടി

8 . ഭൂമിയുടെ ചലനത്തെ അറിയപ്പെടുന്നത് ?

ans ഭ്രമണം

9 .എവറസ്റ്റ് കിഴടക്കിയ ആദ്യത്തെ അന്ധനായ വ്യക്തി ?

ans എറിക് വെയിന് മെയർ

10 . ലോകത്തിൽ ഏറ്റവും കൂടുതൽ അഗ്നിപർവ്വതങ്ങൾ ഉള്ള രാജ്യം ?

ans ഐസ് ലാന്റ്

11 . ഹോപ്പ് മുനമ്പ് സ്ഥിതി ചെയ്യുന്നത് ?

ans തെക്കേ അമേരിക്കയുടെ തെക്കേ അറ്റത്ത്

12 . ഏറ്റവും കൂടുതൽ കടൽത്തീരം ഉള്ള സംസ്ഥാനം ?

ans ഗുജറാത്ത്

13 . മണൽ മരുഭൂമികൽ അറിയപ്പെടുന്നത് എങ്ങനെ ?

ans എർഗ്

14 . ലോകത്തിലെ ഏറ്റവും പഴക്കമുള്ള പർവതനിര ?

ans ആരവല്ലി

15 . അന്റാർട്ടിക്കയിലെ ഏറ്റവും ഉയരമുള്ള കൊടിമുടി ?

ans മിൻസ്ൺ മാസ്സിഫ്

**by ayishath Thahira . N P**

# ഗണിത ചിന്തകൾ

**ഒമ്പതുകളുടെ ഗുണനം**

രണ്ട സംഖ്യകൾ തപ്പിൽ ഗുണിക്കാൻ നിങ്ങൾക്കറിയാം .
28x47 , 354x992 , തുടങ്ങിയ സംഖ്യകളൊക്കെ ക്രിയ ചെയ്യേണ്ടി വരാറുണ്ട് .
എന്നാൽ ഈ സംഖ്യകളിൽ ഒരെണ്ണം ഒമ്പതുകൾ മാത്രമുള്ളതയാലോ ?
ഉദാഹരണത്തിന് 9 ,99 ,999 എന്നിങ്ങനെയാണ് രണ്ട സംഖ്യകളിൽ ഒന്നെങ്കിൽ നിമിഷം കൊണ്ട് കുണ്ണ ഫലം പറയാൻ കഴിയും .
47 x 99 എന്നാണ് ചോദ്യമെന്നിരിക്കട്ടെ .

എളുപ്പവഴിയിൽ ക്രിയ ചെയ്യേണ്ടതിങ്ങനെ..?

. ആദ്യം 47 നിന്ന് 1 കുറക്കുക . 47 - 1 =46 .
എന്നിട്ട് 99 ൽ നിന്നും ഇപ്പോൾ കിട്ടിയ ഉത്തരം അതായത് 46 കുറച്ചെഴുതുക. 99-46 =53 .
ആദ്യം കിട്ടിയ 46 ഉം ഇപ്പോൾ കിട്ടിയ ഫലവും ചേർത്തെഴുതുന്നതായിരിക്കും ഗുണനഫലം
47 x 99 =4653

ഉദാഹരണം -

1 . ഇനി 416 x 999 കണ്ടുപിടിക്കാം

1. 416-1 =415
2. 999 - 415 = 584
3. 416 x 999 =415584

2. 85 x 999 എത്ര ?

1. 85 -1 =84
2. 999 -84 =915
3. 85 x 999 =84915

3. 546 x 999 എത്ര ?

1.546 -1 =545
2 .999 -545 = 454
3 .546 x 999 = 545454

ഈ ഉദാഹരണങ്ങളിലെല്ലാം ഒമ്പതുകൾ ഉൾപ്പെടുന്ന സംഖ്യയാണ് വലുത് എന്നോർക്കുക .
.ഇനി ചോദ്യങ്ങളിലേക്ക് കടക്കാം

1 .62 x 99 എത്ര ?
2 .27 x 999 എത്ര ?
3 .വിട്ടു പോയ അക്കങ്ങൾ എഴുതുക .
. 463 x 999 =***537
4 .വിട്ടു പോയ അക്കങ്ങൾ എഴുതുക .
652 x 999 =651 ****
5 .ഏതു സംഖ്യയെ 99 കൊണ്ടു ഗുണിച്ചാൽ 1683 കിട്ടും ?
6 .641358 നെ രണ്ട് മൂന്നക്ക സംഖ്യകളുടെ ഗുണനഫലമായി എഴുതുക .

ഉത്തരം
1 .6138
2 .26973
3 .462
4 .348
5 .17
6 .642 x 999 =641358

**അമീന**

# കൊലയുടെ ഭാരതം




രാഷ്ട്രീയ കൊലകൾ പെരുകുന്ന കാലത്
രാജ്യം ഭരിക്കുന്നോരെങ്ങ് പോയി
നിഷ്ഠൂര ക്രൂരത കൺമുന്നിൽ കണ്ടാലും
അവരുടെ കണ്ണുകൾ തുറക്കില്ലൊരിക്കലും
നാലുകാലിയുടെ സംരക്ഷണത്തിന്
മാനുഷരെ അവർ കൊന്നൊടുക്കി
രാജ്യം ഭരിക്കുന്ന രാജാക്കന്മാരോട്
ഞങ്ങൾക്ക് ചൊല്ലാനുള്ളൊന്നുമാത്രം
രാഷ്ട്രീയ ഹിംസകൾ ഇല്ലാതെയാകുവാൻ
ഭരണാധികാരികൾ കൺതുറക്കൂ

# അപൗരൻ

എന്റെ പേര് അബ്ദുല്ല
എന്റെ നാട് ഇന്ത്യ
എന്റെ ദേശം കേരളം
എന്റെ മണ്ണ് മലബാർ
ഇന്ത്യയിൽ മുളച്ചവൻ
ഇന്ത്യയിൽ വളർന്നവൻ
ഇന്ത്യയിൽ മൊട്ടിട്ടവൻ
ഇന്ത്യയിൽ പൂവിരിയിച്ചവൻ
ഇതാണെന്റെ മണ്ണ്
ഇതാണെന്റെ നാട്
ഇവിടമിലാണെന്റെ
ഇന്ധനം തീരേണ്ടതും
എന്നിഷ്ടം ഈ മണ്ണ്
എന്നിഷ്ടം ഈ നാട്
എന്നെയിഷ്ടം വെക്കാത്ത മണ്ണിൽ ,ഈ നാട്ടിൽ
എങ്ങനെയാ നാനൊരു പൗരനാവുക




ABUTHAHIR

# 370ാം വകുപ്പ്




ഫാസിസം സ്വപ്നം കാണുന്ന മഹാരാഷ്ട്രത്തിൽ ന്യൂനപക്ഷം ഭൂരിപക്ഷവുമായ ഒരു പ്രദേശവും ഉണ്ടാവരുത് .കാശ്മീരിൽ പിറകെ കൂടുതൽ മുസ്ലിംഗളുള്ള അസമിൽ അവർ കേറിക്കളിക്കുന്നത് അതിനു വേണ്ടിയാണ് പാകിസ്ഥാനും ബംഗ്ലദേശും ഇല്ലാത്ത കാലത് ബ്രിട്ടിഷുകാർ ചായത്തോട്ടത്തിൽ അടിമവേലക്ക് കൊണ്ടു വന്നവരുടെ പിന്മുറക്കാർക്ക് നൂറ്റി ഇരുപത് ദിവസം കൊണ്ട് എന്ത് പുതിയ രേഖയാണ് ട്രൈബ്യൂണലുകൾക്ക് മുമ്പിൽ സമർപ്പിക്കാനാവുക? കഠിന വിവേചനത്തിന്റെ മാതൃകയാവുകയാണ് ബഹു സ്വരതയുടെ ഭാരതരാജ്യം . മാത്രമല്ല ,ലോകത്തിലെ ഏറ്റവും വലിയ മതേതരത രാജ്യമായ നമ്മുടെ ഭാരതം 2014 ലിലും ശേഷം നടന്ന 2019 ലെ തിരഞ്ഞെടുപ്പും ഭൂരിപക്ഷം തെളിയിച്ചു കൊണ്ട് കേന്ദ്രമന്ത്രി സഭയിലേക്ക് ചേക്കേറിയിട്ടുള്ള ഇന്ന് രാഷ്ട്രം ഭരിക്കുന്നുള്ള മന്ത്രിസഭ അവ്യക്തമായ കാരണങ്ങൾ പറഞ്ഞ് കൊണ്ട് 1947 ഇന്ത്യയ്ക്ക് സ്വന്ത്രന്ത്യം ലഭിച്ചതിന്ന് ശേഷം 1950 നിലവിൽ വന്ന ഇന്ത്യയുടെ സുന്ദരമായ നിയമങ്ങളെ കാറ്റിൽ പറത്തി കൊണ്ട് ഇന്ത്യയുടെ ബഹുസ്വരതയെ അവർ നശിപ്പിച്ചുകളയുകയാണ് . അതാണ് ഇന്ന് കാശ്മീരിൽ നടന്ന് കൊണ്ടിരിക്കുന്നത്. ന്യൂനപക്ഷമായ മുസ്ലിം . ഭൂരിപക്ഷമുള്ള സംസ്ഥാനമായത് കൊണ്ട് തന്നെ ഇന്ത്യൻ ഭരണഘടന അനുസരിച് പ്രത്യേക പദവി നൽകിയിരുന്ന കശ്മീരിലെ ജനങ്ങളെ അറുതിമുട്ടുകയാണ് കേന്ദ്ര സർക്കാർ 370ാം വകുപ്പ് എടുത്ത് മാറ്റിയതിലൂടെ ചെയ്തു കൊണ്ടിരിക്കുന്നത്. കശ്മീരിൽ മുസ്ലിം ഭൂരിപക്ഷം ലഘൂകരിക്കുക എന്ന ലക്ഷ്യം മാത്രമായിരുന്ന കേന്ദ്ര ഭരണത്തിനുണ്ടായിരുന്നത് . ഭരണ വീഴ്ചയെ ജനങ്ങൾക്ക് മുമ്പിൽ ചൂണ്ടിക്കാട്ടുന്ന സാഹിത്യകാരന്മാരെയും മാധ്യമ പ്രവർത്തകരെയും രാജ്യ ദ്രോഹികളായി ചിത്രീകരിച്ച കൊണ്ട് ജയിൽ ശിക്ഷക്ക് വിദ്യേരാകുകയാണ് ഈ ഭരണ കൂടം. കശ്മീർ വിഭജനം കഴിഞ്ഞ് മാസങ്ങൾ പിന്നിടുകയാണ് ,എന്ത് സമാധാനമാണ് അവർക്കവിടെ വിതക്കാൻ കഴിന്നിട്ടുള്ളത് ?

# General Knowledge

1 . ലോകത്തിലെ ഏറ്റവും വലിയ സമുദ്രം ഏതാണ് ?
ഉ. പസഫിക് സമുദ്രം
2. ലോകത്തിലെ ഏറ്റവും വലിയ രാജ്യം ഏതാണ് ?
ഉ. റഷ്യ
3.ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള രാജ്യം?
ഉ. ചൈന
4. വലുപ്പത്തിൽ ഇന്ത്യയുടെ സ്ഥാനം എത്രയാണ് ?
ഉ.7
5.ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രി ?
ഉ.ജവഹർ ലാൽ നെഹ്റു
6.അമേരിക്ക കണ്ടുപിടിച്ചത് ആരാണ് ?
ഉ.കൊളമ്പസ്
7. ഇന്ത്യയെ ഉൾകൊള്ളുന്ന ഭൂഖണ്ഡം ഏത് ?
ഉ. ഏഷ്യ
6.ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രി ?
ഉ.ജവഹർലാൽ നെഹ്റു
7.ഇന്ത്യയെ ഉൾകൊള്ളുന്ന ഭൂഖണ്ഡം ഏത് ?
ഉ.ഏഷ്യ
8.ലോകത്തിലെ ഏറ്റവും വലിയ ക്ലോക്ക് ടവർ സ്ഥിതി ചെയ്യുന്ന രാജ്യംമേത് ?
ഉ സൗദി അറേബ്യ
9.പെലെ,റൊണാൾഡോ തുടങ്ങിയ അനവധി ഫുടബോൾ താരങ്ങളെ വാർത്തെടുത്ത രാജ്യം?
ഉ.ബ്രസീൽ
10.കഴിഞ്ഞ ഐസിസി വേൾഡ് കപ്പ് ജേതാക്കളാരാണ് ?
ഉ.ഇംഗ്ലണ്ട്
11.ഇന്ത്യൻ ഭരണഘടനയുടെ ശില്പി ആരാണ് ?
ഉ.Dr.ബി.ആർ അംബേദ്കർ
12.യുഎഇ യുടെ പൂർണ്ണ രൂപം ?
ഉ.യുണൈറ്റഡ് അറേബ്യൻ എമിറേറ്റസ്
13.ഇന്ത്യക്ക് സ്വതന്ത്രം ലഭിച്ച വർഷം?
ഉ.1947

**അഹമ്മദ് എൻ പി**

# Malala yousafzai



The world could use more people like Malala yousafzai especially now. People who stand strong in their convictions,who value education, who believe in fighting for equality,and speak up for those who may not be able to speak up for themselves. Malala's activism,fighting for human rights and particularly girls education, has earned her Nobel peace prize the youngest recipient in the award's history. For that and countless other reasons, she is a person we could all aspire to br a little more like. So here are 25 inspiring Malala yousafzai quotes just as feminist and empowering as the twenty one-years-old activist her self

Most of these quotes are taken from I am Malala: The girl who stood up for education and was shot by the Taliban. Written by malala yousafzai along with christina lamb. The memoir recounts Malala's early life in the swat valley in pakistan, her growing dedication to the fight for girls education- even and especially as the Taliban even and especially as the Taliban encroched on her home-as well as the attack on her life and her subsequent recovery . If you want to learn more about Malala's life and convictions, i highly recommed it

ആയിഷത്ത് നിത കെ

# quotes of Malala

**“ Let us pick up our books and our pens,they are the most powerful weapons.”**

**“ when someone takes away your pens you realize quite how important educations”**

**“ Education is our basic rights .not just in west lslaam to has given us this rights. Islaam says every boy should go to school . In the Quran it is written, God wants us to have knowledge . He wants us to know why the sky is blue and about stars . I know it’s a big struggle-around the world there are fifty-seven million children who are not in primary school, thirty-two million of the girls”**

**“ Though we loved school, we hadn’t realized how important education was until the Taliban tried to stop us . Going to school reading and doing our homework wasn’t just a way of passing time, it was our future.”**

**“ One child,one teacher,one book,one pen can change the world”**

**“ The Taliban could take our pens and books,but they couldn’t stop our minds from thinking.”**

**“ Education is neither eastern nor western education is education and it’s the right of every human being .”**

**“ Extemists have shown what frightens them most: a girl with a book.”**

**“ I don’t want to be thought of as the ‘ Girl who was shot by the Taliban ’ but the ‘ girl who fought for cause to which I want to devote my Life.”**

SUBMITTED BY NIDHA. K




## ആമയും മുയലും

**പണ്ട് പണ്ട് ആമയും മുയലും ചങ്ങാതിമാരായിരുന്നു .ഞാൻ വലിയ ഓട്ടക്കാരനാണ് എന്ന അഹങ്കാരം മുയലിന് ഉണ്ടായിരുന്നു. അപ്പോൾ മുയൽ പറഞ്ഞു; ഞാൻ നിന്നെക്കാൾ വേഗത്തിൽ ഓട്ടും .ആമ പറഞ്ഞു ;ശരി തന്നെ പക്ഷെ നിനക്ക് അഹങ്കാരം നന്നല്ല .മുയൽ പറഞ്ഞു ;നമുക്ക് ഒരു ഓട്ടം മത്സരം വെച്ചാലോ ,കൂട്ടുകാരന്റെ ഇഷ്ടം സാധിച്ചു കൊടുക്കാൻ ആമ സമ്മതിച്ചു .അങ്ങനെ കാട്ടിലെ മൃഗങ്ങളെ മുമ്പിൽ വെച് ഒരു പന്തയം നടന്നു .അപ്പോൾ കുരങ്ങൻ വിസിലടിച്ചു .ആമയും മുയലും ഓട്ടം തുടങ്ങി .എന്നാൽ ആമക്ക് പതുക്കെ മാത്രം നടക്കാൻ കഴിയൂ അൽപ ദൂരം ചെന്നപ്പോൾ മുയൽ വിചാരിച്ചു ഏതായാലും ആമ വരാൻ കുറെ നേരം എടുക്കും .ഞാൻ ഇവിടെ ഇരുന്ന് വിശ്രമിക്കാം .മുയൽ വിചാരിച്ചു എന്തായാലും സമ്മാനം എനിക്ക് തന്നെയാ .അങ്ങെനെ മുയൽ അവിടെ ഇരുന്നു വിശ്രമിക്കാൻ തുടങ്ങി ക്ഷീണം കാരണം പാവം മുയലച്ചൻ ഉറങ്ങിപ്പോയി . ഈ സമയം ആമ അതുവഴി പോയി .ഇവരിൽ ആമ ഒന്നാമത് എത്തിയിരുന്നു .എല്ലാവരും ആമയെ അഭിനന്ദിച്ചു .ഈ സമയം മുയൽ എഴുന്നേറ്റു .ഇതുവരെ ആമ എത്തീട്ടില്ല .വേഗം ചെല്ലാം മുയൽ പിന്നെയും ഓടാൻ തുടങ്ങി .അവിടെ എത്തിയപ്പോൾ മുയൽ നെട്ടിപ്പോയി .അതാ  ആമ ആദ്യം എത്തിയിരുന്നു .ആമ സമ്മാനം വാങ്ങുന്നത്  കണ്ട് മുയലിന് സങ്കടമായി പോയി .മുയൽ മുയലിന്റെ അഹങ്കരത്തെ ഓർത്തു ചിന്തിച്ചു .ആമ സമ്മാനം വാങ്ങി സന്തോഷത്തോടെ പോയി .ഇതിൽ നിന്നുള്ള ഗുണപാഠം "സ്വയം ആരും മറ്റുള്ളവരോട് അഹങ്കരിക്കാൻ പാടില്ല”.**

# പഴഞ്ചൊല്ലുകൾ

1 .വിതച്ചതേ കൊയ്യൂ

2 .കുരയ്ക്കും നായ് കടിക്കില്ല

3 .പോത്തിന്റെ ചെവിയിൽ വേദം ഓതുക

4 .മുങ്ങുന്നവന് പുൽക്കൊടി ശരണം

5 .നിങ്ങൾ നന്നെങ്കിൽ ലോകം നന്ന്

6 .തന്തയപ്പടി ,തനയനിപ്പടി

7 .കാറ്റുള്ളപ്പോൾ പാറ്റണം

8 .വരവറിഞ്ഞേ ചിലവ് ചെയ്യാവൂ

9 .മഞ്ഞപ്പിത്തം പിടിപെട്ടവന് കാണുന്നതെല്ലാം മഞ്ഞ

10 .മുള്ളുകൊണ്ട് മുള്ളെടുക്കുക.

സന

# പ്രളയം



രാത്രിയുറങ്ങുമ്പോളവർ ചിന്തിച്ചില്ല
ഇങ്ങനെയുമൊരു ദുരന്തം  വരുമെന്ന്
എന്തു പറയാനാ ദൈവം തന്നതേൽക്കുക തന്നെ
പല കാലങ്ങളായി  നാമെല്ലാവരും
പ്രകൃതിയെ നല്ല രൂപത്തിൽ ദ്രോഹിക്കുന്നു,
വേദനിപ്പിക്കുന്നു , നശിപ്പിക്കുകയും ചെയ്യുന്നു
പ്രകൃതിക്കുമുണ്ടൊരു അതിര്
ക്ഷമയുടെ കാര്യത്തിൽ
അതാണല്ലോ ഇവിടമിൽ സംഭവിച്ചദ്
മഴ തുരുതുരാ പെയ്യുന്നു, കുന്നുകൾ ഇടിയുന്നു,
പുഴകൾ കവിയുന്നു, ഉരുൾപൊട്ടലുമുണ്ടാകുന്നു
കേരളത്തിലാകെ പിടിമുറുക്കികൊണ്ട്

# മഹത് വചനങ്ങൾ

1 . ഉപകാരപ്രദമായ വിജ്ഞാനം മരിച്ചാലും നശിക്കാത്ത സമ്പത്താണ്

-പ്രവാചകൻ മുഹമ്മദ് നബി

2 . കുഞ്ഞുങ്ങളും പുഷ്പങ്ങളും മൃദുലവും നിർമ്മലവുമാണ് അവയെ മൃദുലമായ് വേണം കൈകാര്യം ചെയ്യാൻ

-ജവഹർലാൽ നെഹ്റു

3 . ഭാവി പ്രവചിക്കാൻഏറ്റവും നല്ല രീതി അത് സ്വയം നിർമ്മിച്ചെടുക്കുക എന്നതാണ്

-എബ്രഹാം ലിങ്കൺ

4 . മന സാക്ഷിയെ ബാധിക്കുന്ന പ്രശ്നത്തിൽ ഭൂരിപക്ഷ നിയമത്തിന് പ്രത്യേക സ്ഥാനമൊന്നുമില്ല.

-

ഗാന്ധിജി

5 . ചെന്നെത്തുന്നതെവിടെയെങ്കിലുമാകട്ടെ സത്യത്തെ തന്നെ പിന്തുടരുക .ഭീരുത്വവും കാപട്യവും ദൂരെകളയുക

-സ്വാമി വിവേകാനന്ദൻ

6 . വായിച്ചാലും വളരും വായിച്ചില്ലേലും വളരും , വായിച്ചാൽ വിളയും വായിച്ചില്ലേൽ വിളയും .

-

കുഞ്ഞുണ്ണി മാഷ്

7 . മതമേതായാലും മനുഷ്യൻ നന്നായാൽ മതി

-ശ്രീ നാരായണഗുരു

8 .ഒരാളെയും മറ്റുള്ളവരുടെ മുന്നിൽ വച്ച് തരം താഴ്ത്തി സംസാരിക്കരുത് , ചിലപ്പോൾ ആമുറിവ് ഉണങ്ങാനോ , ഒരു ക്ഷമ പറയാനോ പോലും ജീവിതത്തിൽ പിന്നീട് അവസരം ലഭിച്ചില്ല എന്ന് വരാം

-ഡോ . എ . പി . ജെ അബ്ദുൽ കലാം

9 . മതം ഇല്ലാത്ത ശാസ്ത്രം മുടന്തനും , ശാസ്ത്രം ഇല്ലാത്ത മതം അന്ധനുമാണ്

-ആൽബർട്ട് ഐൻസ്റ്റൈൻ

10 . വിളക്കിന്റെ പ്രകാശത്തിനു നന്ദി പറയുക ; എന്നാൽ നിഴലിൽ ക്ഷമയോടെ വിളക്കുപിടിച്ച് നിൽക്കുന്ന ആളെ മറക്കാതിരിക്കുകയും ചെയ്യുക .

-രവീന്ദ്രനാഥ് ടാഗോർ

11 . പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക

-ഗാന്ധിജി

12 . അധർമ്മ പക്ഷത്തുനിന്ന് കൊണ്ട് ജയിക്കുന്നതിലും നല്ലതാണ് ധർമ്മ പക്ഷത്തുനിന്ന് കൊണ്ട് പരാജയപ്പെടുന്നത്

-ശ്രീ നാരായണഗുരു

13 . സൗഹൃദമാണ് നിങ്ങളുടെ ഏറ്റവും വലിയ ദൗര്ബല്യമെങ്കിൽ നിങ്ങളാണ് ലോകത്തിലെ ഏറ്റവും വലിയ ശക്തൻ

-എബ്രഹാം ലിങ്കൺ

14 . ഉണരുക ... എഴുന്നേൽക്കുക ... ലക്ഷ്യം നേടുന്നത് വരെ ... പ്രയത്നിക്കുക

-സ്വാമി വിവേകാനന്ദൻ

15 . ജീവിതത്തിൽ വിജയം നേടുന്നവരെല്ലാം പ്രത്യേക കഴിവുള്ളവരായിരിക്കണമെന്നില്ല . പലപ്പോഴും ശരാശരികഴിവുള്ളവരാകും അവർ ... എന്നാൽ സ്ഥിരോത്സാഹവും ക്ഷമാശീലവും അവരെ ആത്യന്തിക വിജയത്തിലേക്ക് നയിക്കുന്നു .

-മദർ തെരേസ

16 .കപട വിശ്വാസിയുടെ ലക്ഷണം മൂന്നെണ്ണമാണ് . 1 സംസാരിച്ചാൽ കളവ് പറയുക 2 വിശ്വസിക്കപ്പെട്ടാൽ വഞ്ചിക്കുക 3 വാഗ്ദത്തം ചെയ്താൽ ലങ്കിക്കുക

- പ്രവാചകൻ മുഹമ്മദ് നബി

മുഹമ്മദ് ഷാഹിദ് അബൂബക്കർ കെ.എച്ച്

# കൂട്ടുകാർ വരച്ച ചിത്രങ്ങൾ




നിഹ ഷെറിൻ ,VIII

# തൂലിക

എന്റെ  പേനകളിപ്പോൾ
വിപ്ലവം  രജിക്കാറില്ല
തീ  തുപ്പാറില്ല
കടലാസ്സിൽ വരയുക പോലുമില്ല
നിലാവിനെ, പ്രകൃതിയെ ,
മഴയെ ,പ്രണയത്തെ
വർണ്ണിച്ചു  തല പൂഴ്ത്തി
കിടന്നുറങ്ങാറാണ് പതിവ്
പേന  ആയുധമെന്ന
സത്യം കളവായിരിക്കുന്നു



# കോട്ടപ്പുറത്തെ നയന മനോഹര കാഴ്ചകൾ ....








**LITTLE KITE TEAM**

**CHMKSGVHSS Kottappuram**